REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-04-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിൽ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്ന് വൈകീട്ട് മൂന്നിന് അവസാനിക്കും.
- സി വിജിൽ മൊബൈൽ ആപ്പ് വഴി ഇന്നലെ വരെ ലഭിച്ച ഒരു ലക്ഷത്തിലേറെ പരാതികളിൽ നടപടി സ്വീകരിച്ചതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- സംസ്ഥാന സിലബസിന് കീഴിലെ സ്കൂളുകളിൽ അവധിക്കാല ക്ലാസുകൾ ഒഴിവാക്കണമെന്ന് മന്ത്രി V.ശിവൻകുട്ടി.
- സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം ക്രമാതീതമായി ഉയരുകയാണെന്ന് KSEB.
- ഇന്ന് സമ്പൂർണ്ണ സൂര്യഗ്രഹണം.
- IPL ക്രിക്കറ്റിൽ ലഖനൗ സൂപ്പർ ജയന്റ്സിനും മുംബൈ ഇന്ത്യൻസിനും ജയം.

## വാർത്തകൾ വിശദമായി

**രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിൽ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്ന് വൈകീട്ട് മൂന്നിന് അവസാനിക്കും.**

ഇതോടെ സംസ്ഥാനത്ത് 20 ലോക്സഭാ മണ്ഡലങ്ങളിലെയും അന്തിമ സ്ഥാനാർഥി പട്ടിക നിലവിൽ വരും. സ്ഥാനാർത്ഥികളുടെ ചിഹ്നവും ഇന്ന് അനുവദിക്കും.

ഡസ്ക്ക് റിപ്പോർട്ട്

............. വോയസ് .............

സൂക്ഷ്മപരിശോധന പൂർത്തിയായപ്പോൾ കേരളത്തിൽ 204 സ്ഥാനാർത്ഥികളുടെ പത്രികകളാണ് സ്വീകരിച്ചത്. സംസ്ഥാനത്ത് അന്തിമ വോട്ടർപട്ടികയിൽ രണ്ട് കോടി 77 ലക്ഷത്തി 49,159 സമ്മതിദായകർ ഉണ്ട്.

12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 88 ലോക്സഭാ സീറ്റുകളിലേക്കും ഔട്ടർ മണിപ്പൂർ ലോക്സഭാ മണ്ഡലത്തിന്റെ ബാക്കി ഭാഗങ്ങളിലേക്കും ഈ മാസം 26 നാണ് വോട്ടെടുപ്പ്. ഔട്ടർ മണിപ്പൂർ മണ്ഡലത്തിന്റെ ഒരു ഭാഗം ഈമാസം 19 ന് ആദ്യ ഘട്ടത്തിൽ വിധിയെഴുതും. കേരളത്തിനു പുറമെ, കർണാടകയിൽ 14, രാജസ്ഥാനിൽ 13, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ എട്ട് വീതം, മധ്യപ്രദേശിൽ ഏഴ്, അസമിലും ബീഹാറിലും അഞ്ച് വീതം പശ്ചിമ ബംഗാളിലും ഛത്തീസ്ഗഡിലും മൂന്ന് വീതം സീറ്റുകളിലും മണിപ്പൂർ, ത്രിപുര, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ ഓരോ സീറ്റിലുമാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്.

✪✪✪

കാർഷിക മണ്ഡലമായ ആലത്തൂരിൽ രണ്ടാം വിള കൊയ്ത്ത് പൂർത്തിയായിരിക്കുകയാണ്.

അതേസമയം. തിരഞ്ഞെടുപ്പ് പാടത്ത് വിവിധങ്ങളായ പ്രചാരണ വിത്തുകളിറക്കി വോട്ടുകൾ കൊയ്യാൻ പരിശ്രമത്തിലാണ് സ്ഥാനാർഥികൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......

............വോയ്സ്............

---

കേരളത്തിൽ 50 ലക്ഷം പേർക്ക് മുദ്ര ലോൺ നൽകാൻ കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞെന്ന് BJP കേരള പ്രഭാരി പ്രകാശ് ജാവ്ദേക്കർ പറഞ്ഞു. NDA തിരൂർ നിയോജക മണ്ഡലം കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിയമ സഭയിൽ പ്രതിനിധ്യം ഇല്ലാതിരുന്നിട്ടും നരേന്ദ്രമോദി ഗവണ്മെന്റ് സൗജന്യ അരി അടക്കം ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിയെന്നും അദ്ദേഹം പറഞ്ഞു.

---

കേരളത്തിൽ ഇടത് പക്ഷത്തിന് നൽകുന്ന ഓരോ വോട്ടും BJP-ക്കാണന്നും ലോക്സഭാ തെരഞ്ഞെടുപ്പിലെ വിലപ്പെട്ട വോട്ടുകൾ കേരളത്തിലെ ജനങ്ങൾ പാഴാക്കരുതെന്നും കർണാടക ഉപമുഖ്യമന്ത്രി D.K ശിവകുമാർ പറഞ്ഞു. ആലപ്പുഴയിലെ UDF സ്ഥാനാർഥിയുടെ ചേർത്തല

നിയമസഭാമണ്ഡല  പര്യടനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ പ്രതിപക്ഷ നേതാക്കളെ മുഴുവൻ BJP വേട്ടയാടുമ്പോഴും പിണറായി വിജയനെയും കുടുംബത്തെയും തൊടുന്നില്ലെന്നും  ശിവകുമാർ കുറ്റപ്പെടുത്തി.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടലംഘനം സംബന്ധിച്ച പരാതികൾ അറിയിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ സജ്ജമാക്കിയ സി വിജിൽ മൊബൈൽ ആപ്പ് വഴി സംസ്ഥാനത്ത് ഇന്നലെ വരെ ഒരു ലക്ഷത്തി 07,202 പരാതികൾ ലഭിച്ചതായി  മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.  അന്വേഷണത്തിൽ ശരിയെന്ന് കണ്ടെത്തിയ ഒരു ലക്ഷത്തി 05,356 പരാതികളിൽ നടപടി എടുത്തുവെന്നും അദ്ദേഹം തിരുവനന്തപുരത്ത് അറിയിച്ചു. 183 പരാതികളിൽ നടപടി പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ന്യൂസ് ഡസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

................. വോയ്സ് ...........

അനുമതിയില്ലാതെ പതിച്ച പോസ്റ്ററുകൾ, സ്ഥാപിച്ച ബാനറുകൾ, ബോർഡുകൾ, ചുവരെഴുത്തുകൾ, നിർബന്ധിത വിവരങ്ങൾ രേഖപ്പെടുത്താത്ത പോസ്റ്ററുകൾ,  അനധികൃത പണം കൈമാറ്റം, അനുമതിയില്ലാതെ വാഹനം ഉപയോഗിക്കൽ, മദ്യവിതരണം, സമ്മാനങ്ങൾ നൽകൽ, ആയുധം പ്രദർശിപ്പിക്കൽ, വിദ്വേഷപ്രസംഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികളാണ് സി വിജിൽ മുഖേന കൂടുതലായി ലഭിച്ചതെന്നും  മുഖ്യതിരഞ്ഞെടുപ്പ്

ഓഫീസർ പറഞ്ഞു. അനുമതിയില്ലാത്ത പോസ്റ്ററുകളും ബാനറുകളും സംബന്ധിച്ച 93,540 പരാതികൾ ലഭിച്ചപ്പോൾ വസ്തുവകകൾ വികൃതമാക്കിയത് സംബന്ധിച്ച് 5,908 പരാതികൾ ഉണ്ടായി. വസ്തുതയില്ലെന്ന് കണ്ട് 1,663 പരാതികൾ തള്ളി.

പെരുമാറ്റ ചട്ടലംഘനം സംബന്ധിച്ച ഏതുതരം പരാതികളും അപ്പപ്പോൾ സി വിജിൽ ആപ്ലിക്കേഷനിലൂടെ അയക്കാമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ചട്ടലംഘനങ്ങളുടെ ഫോട്ടോ, രണ്ടുമിനുട്ടിൽ കൂടാത്ത വീഡിയോ എന്നിവ സഹിതം ചെറുകുറിപ്പോടെ നൽകുന്ന പരാതികൾക്ക് 100 മിനുട്ടിനുള്ളിൽ നടപടിയുണ്ടാവും.

✪✪✪

കണ്ണൂർ ജില്ലയിലെ 11 നിയോജക മണ്ഡലങ്ങളിൽ ലോക്സഭാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ രണ്ടാം റാൻഡമൈസേഷൻ കഴിഞ്ഞ് നിയമന ഉത്തരവ് പുറപ്പെടുവിച്ചു. പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിച്ച ജീവനക്കാരുടെ പോസ്റ്റിംഗ് ഓർഡർ ഓൺലൈനായി സ്ഥാപനമേധാവികൾക്ക് ലഭ്യമാകും. പോസ്റ്റിംഗ് ഓർഡർ, ഓർഡർ സോഫ്റ്റ് വെയർ മുഖേന ഡൗൺലോഡ് ചെയ്ത് ഉടൻ തന്നെ അതത് ജീവനക്കാർക്ക് സ്ഥാപനമേധാവികൾ നൽകണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

കണ്ണൂർ പാനൂരിൽ സ്ഫോടനം നടന്ന വിഷയത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെടണമെന്നും

അന്വേഷണത്തിനു പ്രത്യേക സംഘത്തെ നിയോഗിക്കണമെന്നും UDF നേതാക്കൾ വടകരയിൽ ആവശ്യപ്പെട്ടു. തെരഞ്ഞെടുപ്പിനിടയിൽ ജനങ്ങളിൽ ഭീതി പടർത്താനാണ് ബോംബ് നിർമാണമെന്നും നേതാക്കൾ ആരോപിച്ചു.

സംസ്ഥാന സിലബസിന് കീഴിലെ സ്കൂളുകളിൽ അവധിക്കാല ക്ലാസുകൾ ഒഴിവാക്കണമെന്ന് മന്ത്രി V.ശിവൻകുട്ടി പറഞ്ഞു. ഇത് സംബന്ധിച്ച് നിരവധി പരാതികൾ രക്ഷകർത്താക്കളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

കേരള വിദ്യാഭ്യാസ നിയമം ചാപ്റ്റർ 7 ചട്ടം ഒന്ന് പ്രകാരം ഏപ്രിൽ മുതൽ ജൂൺ വരെ മാസങ്ങൾ പൂർണമായും വേനലവധി കാലഘട്ടമാണ്. മാർച്ച് അവസാനം സ്കൂൾ അടക്കുകയും ജൂൺ ആദ്യം തുറക്കുകയും ചെയ്യും. അവധിക്കാല ക്ലാസുകൾ നടത്തുമ്പോൾ കുട്ടികളുടെയും രക്ഷകർത്താക്കളുടെയും സമ്മതമില്ലാതെ പണം പിരിക്കുന്നതായി ആക്ഷേപമുണ്ടെന്നും ഇത് പാടില്ലെന്നും മന്ത്രി വ്യക്തമാക്കി.

കടുത്ത വേനലാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. കുട്ടികൾക്ക് താങ്ങാൻ ആവാത്ത ചൂടാണിത്. അത് കുട്ടികളിൽ മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം ക്രമാതീതമായി ഉയർന്നുതന്നെ തുടരുകയാണെന്ന് KSEB അറിയിച്ചു. ശനിയാഴ്ച വൈദ്യുതി ഉപയോഗം വീണ്ടും സർവ്വകാല റെക്കോർഡിലെത്തി. 108.22 കോടി യൂണിറ്റ് വൈദ്യുതിയാണ് ശനിയാഴ്ച കേരളം ഉപയോഗിച്ചത്. മാക്സിമം ഡിമാൻഡും 5,364 മെഗാവാട്ട് എന്ന റെക്കോർഡിലേക്ക് കുതിച്ചിട്ടുണ്ട്.

ഈമാസം 5 ന് 5,353 മെഗാവാട്ടായിരുന്നു നമ്മുടെ ആകെ ആവശ്യകത. ഇതിൽ 2800 മെഗാവാട്ടും സംസ്ഥാനത്തിനു പുറത്തുനിന്നും വാങ്ങിയ വിലകൂടിയ താപവൈദ്യുതിയാണെന്നും വൈദ്യുതി ബോർഡ് വ്യക്തമാക്കി.

ചാർജ് ചെയ്യുമ്പോൾ, ഒരേ നിരക്കിൽ വലിയ തോതിൽ വൈദ്യുതി ഉപയോഗിക്കുന്ന വൈദ്യുതി വാഹനങ്ങൾ രാത്രി സമയത്ത് ചാർജ് ചെയ്യുന്നതുമൂലം ട്രാൻസ്ഫോർമറുകളുടെ ലോഡ് കൂടുന്നതിനും ഫ്യൂസ് പോകുന്നതിനും ഇടയാകുന്നുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ചാർജിംഗ് രാത്രി 12 നു ശേഷമോ പകലോ ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും ബോർഡ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച്ച വരെ സാധാരണയെക്കാൾ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പാലക്കാട് ജില്ലയിൽ 41 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം ജില്ലയിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും തൃശൂർ ജില്ലയിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും, കണ്ണൂർ,

കോഴിക്കോട്, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരും. എറണാകുളം, ആലപ്പുഴ ജില്ലകളിൽ താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നും കാലവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

ഇന്ന് സമ്പൂർണ്ണ സൂര്യഗ്രഹണം. ചന്ദ്രൻ ഭൂമിക്കും സൂര്യനും ഇടയിലൂടെ കടന്നു പോകുമ്പാഴാണ് സമ്പൂർണ്ണ സൂര്യഗ്രഹണമുണ്ടാകുന്നത്.

ഇന്ത്യൻ സമയം രാത്രി 9.12നും നാളെ പുലർച്ചെ 2.22നും ഇടയിലാണ് സമ്പൂർണ്ണ സൂര്യഗ്രഹണം ദൃശ്യമാകുക. എന്നാൽ ഇന്ത്യയിൽ സൂര്യഗ്രഹണം ദൃശ്യമാകില്ല. നാസയുടെ തൽസമയ വെബ്കാസ്റ്റിലൂടെ സൂര്യഗ്രഹണം കാണാൻ സാധിക്കും. യു.എസ്. കാനഡ, മെക്സിക്കോ, എന്നിവിടങ്ങളിൽ സൂര്യഗ്രഹണം ദൃശ്യമാകും, 2017 ലാണ് അവസാനമായി സമ്പൂർണ സൂര്യഗ്രഹണം ഉണ്ടായത്.

സമ്പൂർണ്ണ സൂര്യഗ്രഹണത്തിന്റെ തത്സമയ സംപ്രേഷണം സ്ക്രീനിൽ കാണുന്നതിന് ഇന്ന് രാത്രി 9.30 മുതൽ 12 വരെ തിരുവനന്തപുരത്തെ സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ അവസരം ഒരുക്കും. പ്രവേശനം സൗജന്യമാണ്.

✪✪✪

വിശുദ്ധ റമദാൻ മാസം അവസാനത്തോട് അടുത്തതോടെ, ഈദ് ഉൽ ഫിത്തർ ആഘോഷിക്കാൻ

തയ്യാറെടുപ്പിലാണ് ലോകമെമ്പാടും  മുസ്ലീങ്ങൾ. സംസ്ഥാനത്ത് നാളെ മാസപ്പിറവി കണ്ടാൽ മറ്റന്നാളായിരിക്കും  ചെറിയ പെരുന്നാൾ.  അല്ലാത്തപക്ഷം റമദാൻ മുപ്പത് പൂർത്തിയാക്കി വ്യാഴാഴ്ച പെരുന്നാൾ ആഘോഷിയ്ക്കും.

UAE-യിൽ ഇന്ന് ശവ്വാൽ മാസപ്പിറവി  കണ്ടാൽ നാളെ ഈദ് ആഘോഷിയ്ക്കും.

ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ UAE- യിലെ ബ്ലൂകോളർ തൊഴിലാളികൾക്ക് വേണ്ടി റമദാനിൽ  തൊഴിൽ ബോധവൽക്കരണ പരിപാടി, മെഡിക്കൽ ക്യാമ്പുകൾ, സാമ്പത്തിക സാക്ഷരത സംബന്ധിച്ച സെഷനുകൾ എന്നിവ സംഘടിപ്പിച്ചു.

ഓൾ കേരള കോളേജ് അലുമ്നി ഫോറവുമായി സഹകരിച്ചായിരുന്നു പരിപാടി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്നലെ രണ്ടാം മത്സരത്തിൽ  ലഖനൗ സൂപ്പർ ജയന്റ്സിന്  ജയം.  ലഖ്നൗവിൽ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൺസിനെ അവർ 33 റൺസിന് പരാജയപ്പെടുത്തി. ലഖ്നൗ ഉയർത്തിയ 164 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന ഗുജറാത്തിന്റെ പോരാട്ടം 18 .5  ഓവറിൽ 130 റൺസിന്  അവസാനിച്ചു.

മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നടന്ന ആദ്യ മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ഡൽഹി കാപ്പിറ്റൽസിനെ 29 റൺസിന് പരാജയപ്പെടുത്തി.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, കൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

⭐⭐⭐

ഇന്ത്യൻ ടെന്നിസ് താരം സുമിത് നാഗൽ 42 വർഷത്തിനിടെ മോണ്ടി കാർലോ മാസ്റ്റേഴ്സ് ടെന്നിസ് സിംഗിൾസ് മെയിൻ ഡ്രോയിൽ പ്രവേശിക്കുന്ന ആദ്യ ഇന്ത്യൻ താരമായി. അർജന്റീനൻ താരം ഫകുണ്ടോ ഡയസ് അക്കോസ്റ്റയെ തോൽപ്പിച്ചാണ് സുമിതിന്റെ ഈ നേട്ടം. മെയിൻ ഡ്രോയുടെ ആദ്യ റൗണ്ടിൽ, ക്ലേ കോർട്ട് ടൂർണമെന്റിൽ ഇറ്റലിയൻ താരം അർണാൾഡിയോയെ സുമിത് നേരിടും.

⭐⭐⭐